പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *389** | **13.11.2019- ൽ മറുപടിക്ക്**

## തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.ഡി.സതീശൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനൂപ് ജേക്കബ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) തൊഴിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ ജില്ലാ തലം മുതൽ അനുരഞ്ജന യോഗങ്ങൾക്കായി വ്യവസായ ബന്ധസമിതികളും പ്രവർത്തിച്ചുവരുന്നു. തൊഴിൽ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെയും തൊഴിലാളി സൗഹൃദ നിലപാടുകളുടെയും അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്ന Wage Protection System (WPS) തൊഴിലാളികളുടെ വേതനം നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിയ്ക്കപ്പെടുന്നു എന്നത് ഉറപ്പുവരുത്തുകയും അതുവഴി തൊഴിലാളികളുടെ വേതന സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. |

| | |
|---|---|
| (ബി) തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് വ്യവസായബന്ധസമിതികൾ വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ; | (ബി) വ്യവസായ മേഖലയിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനായിട്ടാണ് തൊഴിലാളി തൊഴിലുടമ പ്രതിനിധികളും സർക്കാർ പ്രതിനിധികളുമടങ്ങുന്ന വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നത്. ഇപ്രകാരം സംസ്ഥാനത്ത് നിലവിൽ 11 വ്യവസായ മേഖലകളിൽ (കയർ, കാഷ്യു, കള്ള്, ടെക്സ്റ്റൈൽ, പത്രപ്രവർത്തനം, സ്വകാര്യ ആശുപത്രി, തോട്ടം, സപ്ലൈകോ, മോട്ടോർ, കുട്ടനാട് കാർഷികമേഖല, പാചകവാതക വിതരണം) വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നു. <br> വ്യവസായ ബന്ധസമിതിയിൽ ഉൾപ്പെട്ട തൊഴിൽ മേഖലകളുമായും തൊഴിലാളികളുമായും ബന്ധപ്പെട്ട പൊതുവായ വിവിധ വിഷയങ്ങൾ വ്യവസായ ബന്ധസമിതിയിൽ ചർച്ചചെയ്ത് പരിഹരിക്കപ്പെടുകയും പരിഹരിക്കാൻ സാധിക്കാത്ത വിഷയങ്ങളിൽ സർക്കാർ ഇടപെടൽ നടത്തുകയും ചെയ്തു വരുന്നു. ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ തൊഴിലാളികളുടെയും കാഷ്യു ഫാക്ടറിയിലെ തൊഴിലാളികൾ, ജീവനക്കാർ, എന്നിവരുടെയും കയർ മേഖലയിലെയും സ്വകാര്യ ആശുപത്രി മേഖലകളിലേയും തൊഴിലാളികളുടെയും വേതന പരിഷ്കരണം അതത് വ്യവസായ ബന്ധസമിതിയിലുണ്ടാക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കപ്പെടുന്നത്. കാഷ്യു കയർ മേഖലകളിലെ തൊഴിലാളികളുടെ ബോണസ്സ്, ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ അറ്റൻഡൻസ് ഇൻസെന്റീവ് എന്നിവ വ്യവസായ ബന്ധസമിതിയിലെ തീരുമാനത്തിൽ നിശ്ചയിക്കപ്പെടുന്നു. |
| (സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഏതെങ്കിലും പുതിയ നിയമം കൊണ്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ഉണ്ട്. രാജ്യത്ത് വേതനവുമായി ബന്ധപ്പെട്ട് നിലവിലുള്ളതായ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1948 ലെ മിനിമം വേതന നിയമം, 1965 ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1976 ലെ ഈക്വൽ |

റമ്യൂണറേഷൻ ആക്ട് എന്നീ നിയമങ്ങൾ റദ്ദാക്കികൊണ്ട് കോഡ് ഓൺ വേജസ്, 2019 കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ പ്രത്യേകമായി പ്രഖ്യാപിക്കുന്ന തീയതി മുതൽ കോഡ് ഓൺ വേജസ്, 2019 പ്രാബല്യത്തിൽ വരും.

സെക്ഷൻ ഓഫീസർ.